# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/28/2017 | പത്രക്കുറിപ്പ് | 2017 ഫെബ്രുവരി 7

**പ്രാക്ടിക്കൽ പരീക്ഷ**

2016 നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ/ബി.എ മൾട്ടീമീഡിയ/ബി.എ. വിഷ്വൽ ആർട്സ്/ ബി.എ ആനിമേഷൻ & വിഷ്വൽ ഇഫക്ട്സ്/ബി.എ. വിഷ്വൽ കമ്മ്യൂണിക്കേഷൻ (റഗുലർ - 2015 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 13 ന് ആരംഭിക്കും.

2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. സ്പേസ് സയൻസ് & ടെക്നോളജി ഡിഗ്രി പരിക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 14 ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**നാഷണൽ സർവ്വീസ് സ്കിം - സെമിനാർ നടത്തി.**

എം.ജി സർവ്വകലാശാലാ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ് പുല്ലരിക്കുന്ന് നാഷണൽ സർവ്വീസ് സ്കിം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അഴിമതി നിയന്ത്രണത്തിൽ യുവജനങ്ങൾക്കുള്ള പങ്ക് എന്ന സെമിനാറിന് ഈസ്റ്റേൺ റേഞ്ച് കോട്ടയം ഡി.വൈ.എസ്.പി സുനിൽകുമാർ നേതൃത്വം നൽകി. മാലിന്യനിർമ്മാർജ്ജനത്തെപ്പറ്റി മണാർകാട് സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ഡോ : പുന്നൻ കുര്യൻ ക്ലാസ്സ് നയിച്ചു.

**ബി.ഐ.ഐ.സി യിൽ ഒഴിവ്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിൽ താഴെ പറയുന്ന ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു.

1)റിസേർച്ച് അസോസിയേറ്റ് (ഒരു ഒഴിവ്)-ഓപ്പൺ : പ്രതിമാസ വേതനം : 35,000/- രൂപ - യോഗ്യത - പിഎച്ച്.ഡി.

2)റിസേർച്ച് അസിസ്റ്റന്റ്(മൂന്ന് ഒഴിവ് - 2 ഓപ്പൺ, 1 ഈഴവ)/ പ്രതിമാസ വേതനം : 20,000/- രൂപ - യോഗ്യത - എം.ഫിൽ (സയൻസ്, കോമേഴ്സ്, സോഷ്യൽസയൻസ്)/ കംപ്യൂട്ടർ സയൻസിലോ കംപ്യൂട്ടർ ആപ്ലിക്കേഷനിലോ, ഇൻഫർമേഷൻ സയൻസിലോ, പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദം/ എൽ.എൽ.എം./ എം.എ/ എം.കോം/ എം.എസ് സി.(നെറ്റ്)/ബി.ടെക്.

3)ഓഫീസ് അസിസ്റ്റന്റ് (ഒരു ഒഴിവ്)/പ്രതിമാസ വേതനം : 12,000/- രൂപ - യോഗ്യത - ബിരുദം

താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബയോഡാറ്റയും സഹിതം ഡപ്യൂട്ടി രജിസ്ട്രാർ ഭരണ വിഭാഗം 1. എം.ജി. സർവ്വകലാശാലാ, കോട്ടയം എന്ന വിലാസത്തിൽ ഫേബ്രുവരി 20 ന് മുൻപ് അപേക്ഷിക്കുക.

സ്പെഷ്യലൈസേഷൻ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 9447090000

**പൂർവ്വ വിദ്യാർത്ഥി സംഗമം**

മഹാത്മാഗാന്ധി സർവ്വകലാശാല വിവിധ പഠനവകുപ്പുകളിലെ പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുന്നതിനായി 1993 മുതൽ സ്ക്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ പഠിച്ച വിദ്യാർത്ഥികൾ

അവരുടെ വിശദവിവരങ്ങൾ "socsalumni@gmail.com" എന്ന ഇമെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. ഫോൺ : 9446459644.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർ ദേശീയ പ്രഭാഷണം നാളെ (ഫെബ്രുവരി 9) .**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഫെബ്രുവരി 9 ന് രാവിലെ 9.30 മുതൽ 11.00 മണി വരെ സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ വച്ച് അന്തർ ദേശീയ പ്രഭാഷണം നടത്തുന്നു. ലോക പ്രശസ്ത കാൻസർ നിവാരണ ഗവേഷകനും ഹീലിങ് സെപ്സ്സ് എന്ന ഗ്രന്ഥത്തിന്റെ കർത്താവും അമേരിക്കയിലെ കാലിഫോർണിയയിലുള്ള " ആന്റി ഇൻഫ്ലമേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ഡോ : സാബു തോമസ്സിന്റെ അന്തർദേശീയ സഹപ്രവർത്തകനുമായ പ്രൊഫ : ഭരത് ബി. അഗർവാൾ "പ്രകൃതിയുടെ സാധ്യതകളെ ഉപയോഗിച്ചുള്ള കാൻസർ പ്രതിവിധികൾ" എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടത്തും. വിശദ വിവരങ്ങൾക്ക് : 9447149547, ഇ.മെയിൽ : josejameskadathala@gmail.com.

**യൂണിവേഴ്സിറ്റി യൂണിയൻ നാടകോത്സവം ഫെബ്രുവരി 15, 16 തീയതികളിൽ**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയന്റെ നടകോത്സവം ഫെബ്രുവരി 15, 16 തീയതികളിൽ സർവ്വകലാശാലാ ക്യാമ്പസിൽ നടത്തപ്പെടുന്നു. രജിസ്റ്റർ ചെയ്യാൻ താത്പര്യമുള്ളവർ സ്ക്രിപ്റ്റിന്റെ കോപ്പിയും പങ്കെടുക്കുന്ന ആളുകളുടെ പേരും സഹിതം ഫെബ്രുവരി 13 ന് ഉച്ചയ്ക്ക് 3 മണിക്കു മുൻപായി യൂണിവേഴ്സിറ്റി യൂണിയൻ ഓഫീസിൽ എത്തിച്ചേരുക. ഫോൺ : 9349 396 877, 9746 608 008, 9747 545 805.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**